# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2

8.2.2016 ൽ മറുപടിക്ക്

**സ്വാതന്ത്ര്യ - റിപ്പബ്ലിക് ദിന ആഘോഷങ്ങൾക്ക് ഫണ്ട്**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | 2016 ലെ റിപ്പബ്ലിക് ദിനാഘോഷങ്ങൾക്ക് ചെലവായ തുക ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഈ തുക ജില്ലാ ഭരണകൂടത്തിന് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ അനുവദിക്കും ; | (എ)<br>&<br>(ബി) | ദേശീയദിനാഘോഷങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾ അതാത് ജില്ലാ കളക്ടർമാരുടെ ഫണ്ടിൽ നിന്നാണ് നിർവ്വഹിച്ചു വരുന്നത്. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ വച്ചു നടത്തുന്ന സംസ്ഥാനതല സ്വാതന്ത്ര്യ ദിന-റിപ്പബ്ളിക് ദിനഘോഷങ്ങൾക്കായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് പ്രത്യേകമായി ഫണ്ട് അനുവദിക്കാറുണ്ട്. 2016 ലെ റിപ്പബ്ളിക് ദിനാഘോഷവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് ഒരു ലക്ഷം രൂപാ അനുവദിച്ചിട്ടുണ്ട്. മറ്റ് ജില്ലാ ഭരണ കൂടങ്ങൾക്ക് അഡ്വാൻസായി തുക അനുവദിക്കാറില്ല. ജില്ലാ കലക്ടർമാർ അധിക ഫണ്ട് ആവശ്യപ്പെടുന്ന സാഹചര്യങ്ങളിൽ ഫണ്ട് ലഭ്യതക്ക് വിധേയമായി കൂടുതൽ തുക അനുവദിക്കാറുണ്ട്. |
| (ബി) | കഴിഞ്ഞ കാലങ്ങളിൽ സ്വാതന്ത്ര്യ - റിപ്പബ്ലിക് ദിന ആഘോഷ പരിപാടികൾക്ക് ജില്ലാ ഭരണകൂടങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഏതെങ്കിലും ജില്ലകൾക്ക് ഈ വകയിൽ ഫണ്ട് അനുവദിക്കാൻ ബാക്കിയുണ്ടോ; | | |
| (സി) | സ്വാതന്ത്ര്യ - റിപ്പബ്ലിക് ദിന പരേഡുകളിൽ പങ്കെടുക്കുന്നവരെ പരേഡ് സ്ഥലത്ത് എത്തിക്കുന്നതിന് ഉപയോഗിച്ച പ്രൈവറ്റ് വാഹനങ്ങൾക്ക് വാടക ഇനത്തിൽ കുടിശ്ശിക ബാക്കിയുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ? | (സി) | സ്വകാര്യ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതുൾപ്പെടെയുള്ള ചെലവുകൾ ജില്ലാ കളക്ടർമാരുടെ ഫണ്ടിൽ നിന്നാണ് നിർവ്വഹിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ